**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റ് ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലത്തിന് ആനുപാതികമായി പ്ലസ് വൺ അഡ്മിഷന് സീറ്റ് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ അധ്യയന വർഷം സംസ്ഥാനത്തിനകത്ത് നിന്നും എസ്.എസ്.എൽ.സി പാസ്സായ 4,21,957(നാല് ലക്ഷത്തി ഇരുപത്തൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി ഏഴ്) വിദ്യാർത്ഥികൾ ആണ് ഉപരിപഠനത്തിന് കാത്തിരിക്കുന്നത്. മുൻ വർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ ഉൽപ്പെടെ സർക്കാർ എയ്ഡഡ് മേഖലയിൽ 3,75,715 (മൂന്ന് ലക്ഷത്തി ഏഴുപത്തയ്യായിരത്തി എഴുനൂറ്റി പതിനഞ്ച്) സീറ്റുകൾ ഉണ്ട്. ഇതിന് പുറമേ അൺ-എയ്ഡ ഡ് മേഖലയിൽ 56,366 (അൻപത്താറായിരത്തി മുന്നൂറ്റി അറുപത്താറ്) സീറ്റുകളും കൂടി ആകെ 4,32,081 (നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എൺപത്തൊന്ന്) സീറ്റുകൾ ലഭ്യമാണ്. ആയതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ പ്ലസ് വൺ അഡ്മിഷന് ചില ജില്ലകളിലെ ചില മേഖലകളിൽ രൂക്ഷമായ സീറ്റ് ക്ഷാമവും ചില ജില്ലകളിൽ ഒട്ടേറെ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാ തലത്തിലെയും താലൂക്ക് തലത്തിലെയും കണക്കെടുത്ത് ഈ വർഷം കുട്ടികൾക്ക് പ്ലസ് വൺ സീറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിൽ പ്ലസ് വൺ പ്രവേശനത്തിലെ സീറ്റുകളുടെ ആവശ്യകത പരിഹരിച്ചിട്ടുണ്ട്. പ്രവേശന നടപടികൾ അവസാനിച്ച കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം 2022-23ൽ താത്കാലികമായി അനുവദിച്ച രണ്ടു ബാച്ചുകളും അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ